# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 346 — 3-2-2020 - ൽ മറുപടിയ്ക്ക്

### വിലയിലെയും തൂക്കത്തിലെയും വെട്ടിപ്പ് തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കൃഷ്ണൻ<br>" ആന്റണി ജോൺ<br>ശ്രീമതി. യു. പ്രതിഭ<br>ശ്രീ. പി.ടി.എ. റഹീം : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | വിപണിയിൽ അധികവില ഈടാക്കുന്നതും കള്ളത്രാസിന്റെ ഉപയോഗവും തടയുന്നതിന് സംസ്ഥാനത്ത് ലീഗൽ മെട്രോളജി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന തലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും താലൂക്ക് തലത്തിൽ മിന്നൽ പരിശോധനകളും അതിനുപുറമെ പരാതികളിന്മേലുള്ള പരിശോധനകളും നടത്തി വരുന്നു. |
| (ബി) | അളവുതൂക്ക വെട്ടിപ്പുകാരെ പിടികൂടുന്നതിന് വകുപ്പ് തയ്യാറാക്കിയിട്ടുള്ള കോൾസെന്ററും സുതാര്യം ആപ്ലിക്കേഷനും കൂടുതൽ ജനകീയമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. പത്ര മാധ്യമങ്ങൾ, എഫ്.എം റേഡിയോ എന്നിവ വഴി, കോൾസെന്റർ, സുതാര്യം മൊബൈൽ ആപ്ലിക്കേഷൻ എന്നിവ സംബന്ധിച്ച പരസ്യങ്ങൾ നൽകി ആയത് ജനകീയമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പാക്കറ്റുകളിൽ രേഖപ്പെടുത്തിയ വിലയേക്കാൾ അധിക വില ഈടാക്കുന്നതും മുദ്ര ചെയ്യാത്ത അളവുതൂക്ക ഉപകരണങ്ങൾ ഉപയോഗിക്കുന്നതും തടയുന്നതിന് പരിശോധനകൾ കർശനമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്. സംസ്ഥാന തലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും, താലൂക്ക് തലത്തിൽ മിന്നൽ പരിശോധനകളും അതിനു പുറമെ പരാതികളിന്മേലുള്ള പരിശോധനകളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ